# Violent Earthquakes in Nature and Life

## (ഭൂമികുലുക്കങ്ങൾ -പ്രകൃതിയിലും , ജീവിതത്തിലും)

യാതൊരുവിധമായ മുന്നറിയിപ്പും ഇല്ലാതെ പ്രകൃതിയിലുണ്ടാകുന്ന പ്രതിഭാസങ്ങളാണ് ഭൂചലനങ്ങൾ. നാം സന്തോഷമായി നടക്കുന്ന വഴികൾ , പാർക്കുന്ന സ്ഥലങ്ങൾ ഇവിടെ എല്ലാം ഈ മാറ്റങ്ങൾ ഉണ്ടാകുന്നു. "യഹോവ ഭൂമിയെ കീഴ്മേൽ മറിക്കുകയും അതിലെ നിവാസികളെ ചിതറിക്കുകയും ചെയ്യുമെന്ന്" യെശ: (24:1)ൽ കാണുന്നു. ഭൂമിയെ കുലുക്കുന്നത് 'യഹോവ' എന്ന് നമുക്ക് ദൈവവചനത്തിൽ നിന്നും വ്യക്തമാകുന്നു. ഭൗമീകശാസ്ത്രജ്ഞൻമാരുടെ കാഴ്ചപ്പാടിൽ റിക്ടർസ്കെയിലിൽ ഒരു പ്രത്യേക അളവു കഴിഞ്ഞാൽ ഭൂമികുലുക്കം അഥവാ ഭൂകമ്പം ശക്തമാണ്. എന്നാൽ ദൈവവചനത്തിൽ പാറകൾ പിളർന്നു, ഉമ്മരപ്പടിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങി. വലിയൊരു ഭൂകമ്പം, വാതിൽ ഒക്കെയും തുറന്നുപോയി എന്ന് പറയുമ്പോഴും പരിശുദ്ധാത്മാവ് ഒരിടത്തും അളവ് രേഖപ്പെടുത്തുന്നില്ല, രേഖപ്പെടുത്തിയാൽ നാം ചിന്തിക്കുന്നതിലും അധികമായിരിക്കും അതിന്റെ ശക്തി . ശിഷ്യൻമാർ യാത്രചെയ്ത പടക് ഒരിക്കൽ പ്രതികൂലകാലാവസ്ഥയിലായപ്പോൾ യേശു കാറ്റിനെ ശാസിച്ചപ്പോൾ കടൽ ശാന്തമായി. അവ യജമാനന്റെ ശബ്ദം തിരിച്ചറിഞ്ഞപ്പോൾ അനുസരിക്കുകയത്രേ ചെയ്തത്. ഈ മരുഭൂയാത്രയിൽ നാം ആ ശബ്ദം കേൾക്കാറുണ്ടോ ?

വചനത്തിൽ ഭൂമികുലുക്കത്തിന് ചില ദൈവീക ഉദ്ദേശങ്ങൾ ഉണ്ട്, അവ എന്തെല്ലാം ?

(1) ദൈവശക്തിയുടെ വെളിപ്പെടുത്തലിന്.

(2) ദൈവസാന്നിദ്ധ്യത്തിന്റെ പ്രകടനത്തിന്.

(3) അവന്റെ വെളിപ്പെടലിന്റെ അനുബന്ധ സംഭവങ്ങൾക്ക് .

(4) ദൈവീകന്യായവിധിയെ  കാണിക്കുന്നതിന്.

ഓരോ വ്യക്തിയുടെയും ജീവിതത്തെ പിടിച്ചുകുലുക്കുന്ന സംഭവങ്ങൾ വരുമ്പോൾ ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന് മനസ്സിലാക്കുക. എത്ര അനുഭവം വന്നാലും പഠിക്കാത്ത ചിലരുണ്ട്.അപ്പോഴാണ് ആകാശചുഴലി, മേഘസ്ഫോടനം, കൊടുകാറ്റ് ഇങ്ങനെ പലതും പ്രകൃതിയിൽ സംഭവിക്കുന്നത്. എന്തു സംഭവിച്ചാലും ദൈവത്തെ സ്വീകരിക്കുന്ന സമയം മാറ്റി മാറ്റി വയ്ക്കുന്നവർ മനസ്സിലാക്കുക, ഒന്നും നമ്മുടെ നിയന്ത്രണത്തിലല്ല എന്നത്. സൃഷ്ടിപ്പു മുതൽ അവന്റെ വരവു വരെ നടക്കുന്ന ചില പ്രതിഭാസങ്ങളെപ്പറ്റി വചനത്തിലെ ക്രമത്തിൽ മനുഷ്യജീവിതവുമായി ബന്ധപ്പെടുത്തി ഒരു പഠനം നടത്തുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

(1) **വേർപാടിന്റെ കുലുക്കം അഥവാ ഭൂകമ്പം**

ആദിയിൽ എന്ന വാക്കോടെയാണ് വചനം ആരംഭിക്കുന്നത് . ഈ വാക്ക് യഥാർത്ഥ ആരംഭം എന്ന സത്യത്തിലേക്ക് ശ്രദ്ധതിരിക്കുന്നതാകുന്നു. പാഴും ശൂന്യവുമായ ഭൂമി ഇരുൾ നിറഞ്ഞതായിരുന്നു.വെള്ളത്തിൻമീതെ ഇരുളായിരുന്നു. പാഴും ശൂന്യവുമായ ഭൂമിയെ ദൈവം ഉപേക്ഷിച്ചില്ല. ഇവിടെ ജലത്തിൽ പരിവർത്തിച്ചത് പരിശുദ്ധാത്മാവത്രെ. ആദ്യ മൂന്ന് ദിവസങ്ങളിൽ മൂന്ന് വേർപാടുകൾ സംഭവിച്ചു. ഒന്നാം ദിവസം ഇരുളും വെളിച്ചവും തമ്മിലും, രണ്ടാം ദിവസം വിതാനം ഉണ്ടാക്കീട്ട് ദൈവം വിതാനത്തിൻ കീഴുള്ള വെള്ളവും , വിതാനത്തിൻ മീതെയുള്ള വെള്ളവും തമ്മിൽ വേർതിരിച്ചു. അങ്ങനെ സംഭവിച്ചു (ഉല്പ:1:8) മൂന്നാം ദിവസം ഭൂമിയെയും സമുദ്രത്തെയും ആകാശത്തിന് കീഴുള്ള വെള്ളത്തിൽ നിന്ന് വേർതിരിച്ച് പേരിട്ടു.കൂടാതെ ഭൂമിയെ പാഴായ അവസ്ഥയിൽ നിന്ന് ഫലമുള്ളതാക്കി മാറ്റി.

(ഉല്പ:1:10,11). അതേ അങ്ങനെ  സംഭവിച്ചു എന്ന് പറയുമ്പോൾ ഭൂമിയിൽ വലിയ ഒരു കുലുക്കം തന്നെ ഉണ്ടായി എന്ന് വ്യക്തം.അതിന്റെ അവസാനം സ്രഷ്ടാവ് നല്ലത് എന്ന് കണ്ടു എന്നും നാം വായിക്കുന്നു. നല്ലത് സംഭവിച്ചത് വലിയ ഒരു ഭൂകമ്പത്തിനു ശേഷമാണ്. ഇവിടെ മൂന്നുദിവസത്തെ വേർപാടിലും മൂന്ന് കുലുക്കങ്ങൾ സംഭവിച്ചിട്ടുണ്ട് അവന്റെ വാക്കിനാൽ.

ഇതുപോലെ ചില വ്യക്തികൾ ദൈവത്തിന് ഏറ്റവും പ്രയോജനം ലഭിക്കേണ്ടവരുടെ ജീവിതം പാഴും ശൂന്യവുമാകുമ്പോൾ അവരുടെ ജീവിതത്തിൽ ദൈവം എഴുന്നേൽക്കുന്നു. ശൗലിന്റെ ജീവിതത്തോട് ഈ വേർപാടിന്റെ കുലുക്കത്തെ ഒന്ന് താരതമ്യപ്പെടുത്താം. പാഴും ശൂന്യവുമായ അവന്റെ ജീവിതത്തിൽ യഹോവ എഴുന്നേറ്റപ്പോഴുള്ള കുലുക്കത്താൽ പുറമെയുള്ള കാഴ്ച മങ്ങി പുറംകണ്ണ്   ഇരുളായി മാറിയപ്പോൾ, അകത്തെ ഇരുട്ട് മാറി വെളിച്ചത്താൽ നിറഞ്ഞു (അ:പ്ര 9:9)

രണ്ടാമത്തെ വേർപാടിനു കാരണം അവന്റെ ശബ്ദമാണ്. നീ എന്നെ ഉപദ്രവിക്കുന്നതെന്ത് എന്നുള്ള ചോദ്യം മാനസീക കുഴപ്പമാകുന്ന വെള്ളത്തെ രണ്ടായി വേർതിരിച്ചു. തന്നോട് സംസാരിക്കുന്ന ശബ്ദത്തിന്റെ ഉടമയെ കണ്ടെത്താനുള്ള ആഗ്രഹം അവനിലുണ്ടായി, കൂടാതെ വീഴ്ച സംഭവിച്ചിടത്തു നിന്നും എഴുന്നേൽക്കുവാനുള്ള ഒരാഗ്രഹവും അവനിലുണ്ടായി. മൂന്നാമതായി അനന്യാസിനെ ദൈവം പ്രാർത്ഥിപ്പാനയച്ചപ്പോൾ പുറമേയുള്ള കാഴ്ച തിരികെ ലഭിക്കുകയും ആത്മീയ ബലം പ്രാപിക്കുകയും ചെയ്തു. മൂന്നാമത്തെ വേർപാടിൽ ഏറ്റവും  ഫലവത്തായി ഭൂമി മാറിയതുപോലെ അവന് പൗലോസ് എന്ന പേർ ലഭിക്കുകയും , ജീവിതത്തിൽ ഫലകരമായ പ്രവർത്തിക്കായി ദൈവം നിയോഗിക്കുകയും ചെയ്തു. (അ:പ്ര 26:17-18)

നമ്മുടെ ജീവിതം വെറുതെ ജീവിച്ചു തീർക്കാതെ പിതാവിന് പ്രയോജനമുള്ള മക്കളാകുവാൻ അവന്റെ ശബ്ദം കേൾപ്പാനുള്ള ഭാഗ്യം ഉണ്ടാകുവാനായി പ്രാർത്ഥിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(2) **ദേശത്തിന്മേലുള്ള (സോദോം, ഗൊമോറയുടെ )ന്യായവിധിയുടെ കുലുക്കം (ഉല്പ:19:13-26)**

Where is Sodom ?

According to Torah, the Kingdom of Sodom and Gomorah were allied with the cities of Admah, Zeboim and Bela. These five cities also known as the 'Cities of plain' were situated on the land of canan( From Wikipedia)

ഈ അഞ്ചു പട്ടണങ്ങളെയും കുറിച്ച് ഉല്പ:(14:8) ൽ കാണാം

**സോദോം, ഗൊമോറയുടെ മേൽ ന്യായവിധി വരുവാനുള്ള കാരണങ്ങൾ എന്തെല്ലാം**

ഈ രണ്ട് പട്ടണങ്ങളും യഹോവയുടെ തോട്ടമായ ഏദൻപോലെ മനോഹരമായിരുന്നു. എന്നാൽ അവിടുത്തെ ആളുകൾ ദുഷ്ടൻമാരും , മഹാപാപികളും ആയിരുന്നു. അവരുടെ പാപം അതി കഠിനവുമായിരുന്നു. ഉല്പ:(13:13), (18:20).അധാർമ്മികത നിസ്സാരമായി കാണുന്നവനല്ല ദൈവം. തനിക്കായി ദൈവം വിളിച്ചിറക്കിയ അബ്രാമിനൊപ്പം, വിളിക്കാതെ വന്നവനാണ് ലോത്ത് . എങ്കിലും ദൈവം അവനെയും അനുഗ്രഹിച്ചു

(ദൈവം അനുഗ്രഹിച്ചവനോടൊപ്പം നില്ക്കുവാൻ ശ്രദ്ധിക്കുക, എന്നാൽ നിങ്ങളും അനുഗ്രഹിക്കപ്പെടും. ഉല്പ 12:2) സമ്പത്ത് അധികമായാൽ ഒന്നിച്ചു പാർപ്പാൻ കഴിയാതെ ഇവർ രണ്ടായി പിരിഞ്ഞു. ഇവിടെയാണ് ലോത്തിന്റെ ജീവിതത്തിലെ തകർച്ച ആരംഭിക്കുന്നത്.

## Now Consider Lot's Immaturity

1. **കാഴ്ചയാലുള്ള തിരഞ്ഞെടുപ്പിന്റെ വികലത**

ലോത്ത് ചുറ്റും നോക്കിയപ്പോൾ നീരോട്ടമുള്ള പ്രദേശം മാത്രം കണ്ടു. ആ ദേശത്ത് പരസ്യവും , രഹസ്യവുമായി നടക്കുന്ന സകല മ്ലേച്ഛതകളും കണ്ടിട്ടും അവയെ അവഗണിച്ചു അഥവാ കുഴപ്പമില്ല എന്ന് നടിച്ചു (വചനം പറയുന്നു പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുതെന്ന്. ) ദോഷം തിരിച്ചറിഞ്ഞിട്ടും അതിനോട് വെറുപ്പ് തോന്നാത്തതിനാൽ അവന്റെ കുടുംബത്തിൽ മരണവും ദുരിതവും ഉണ്ടായി. അവൻ നീതിയെ സ്നേഹിച്ചിരുന്നെങ്കിൽ മനുഷ്യരുടെ ദുഷ്ടവഴികളിൽ നിന്ന് അകന്നു നിൽക്കുവാൻ അത് പ്രേരകമാകുമായിരുന്നു.

(2) **മുതിർന്ന സഹോദരനെ ബഹുമാനിച്ചില്ല**

'നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പൊയ്ക്കോളാം' (ഉല്പ:13:9) എന്ന് അബ്രാം പറഞ്ഞപ്പോൾ വിശ്വാസത്തിന്റെ ആഴം കാണുവാൻ കഴിയും . എന്നാൽ തന്നെ കരുതിയ സഹോദരൻ എടുത്തതിന് ശേഷം മതി എന്റെ തിരഞ്ഞെടുപ്പ് എന്ന് ചിന്തിക്കാതെ , നീരോട്ടമുള്ളിടം നോക്കി പോയതാണ് ലോത്ത് ചെയ്ത തെറ്റ് . സദൃ:(40:22)ൽ പറയുന്നു 'യഹോവയുടെ അനുഗ്രഹത്താൽ സമ്പത്തുണ്ടാകുന്നു' എന്ന്

(3) **സ്വാർത്ഥ താല്പര്യം ഉള്ളവനായിരുന്നു**

പട്ടണജീവിതത്തിലാകൃഷ്ടനായ ലോത്ത് , അവിടുത്തെ മ്ലേച്ഛതയും , ദുഷ്ടതയും ദ്വേഷിക്കാതെ അധികം വ്യക്തിപരമായ ലാഭത്തെ സ്നേഹിച്ചു. Read എബ്രാ:(1:9)

(4) **ഉപദേശിപ്പാൻ യോഗ്യനല്ലാതായ ലോത്ത്**

തെറ്റ് ചെയ്തില്ലെങ്കിലും , തെറ്റിനെ വെറുക്കാത്ത ഒരു വ്യക്തിക്ക് തന്റെ കുടുംബാംഗങ്ങളെയോ, ദേശവാസികളെയോ ഉപദേശിപ്പാൻ യോഗ്യതയില്ല. തുടർന്ന് ആത്മീയ നാശം കുടുംബത്തിലും ദേശത്തിലും ഉണ്ടായി, ദൈവം അയച്ച ദൂതൻമാരുടെ വാക്ക് ലോത്തിന്റെ നാവിൽ നിന്നുകേട്ട മരുമക്കൾ ആകേണ്ട യുവാക്കൾ കരുതിയത് ഇത് അപ്പച്ചന്റെ തമാശയാണെന്നത്രെ (ഉല്പ:19:12:14)

(പ്രീയ മാതാപിതാക്കളേ നിങ്ങളും , നിങ്ങളുടെ മക്കളും സോദോമിലാകാതിരിപ്പാൻ ശ്രദ്ധിക്കുക. അബ്രാം ലോത്തിനു വേണ്ടി ഇടിവിൽ നിന്ന് പ്രാർത്ഥിച്ചതു പോലെ അപ്രകാരമുള്ളവർക്കായി പ്രാർത്ഥിക്കുക )

(5) **<u>വിട്ടിറങ്ങാൻ താമസിച്ചവർ</u>**

ദൂതന്മാർ പർവ്വതത്തിലേക്ക് ഓടിപ്പോകുവാൻ ആവശ്യപ്പെട്ടിട്ടും ലോത്തും കുടുംബവും അതംഗീകരിച്ചില്ല. (പ്രീയരേ ദൈവം പറയുന്നത് അനുസരിപ്പാൻ കാലതാമസം വരുത്തരുതേ, ആദ്യം അവൻ പറയുന്നതനുസരിക്കുക) അടുത്തസ്ഥലം ചോദിച്ചുവാങ്ങിയിട്ടും ഇറങ്ങാൻ താമസിച്ചവരെ പിടിച്ചിറക്കേണ്ടതായി വന്നു നിർദ്ദേശങ്ങൾ അനുസരിപ്പാൻ കഴിയാത്ത ലോത്തിന്റെ ഭാര്യയുടെ ജീവിതം ദു:ഖകരമായ അവസ്ഥയിലാകുകയും ചെയ്തു

Read - യെഹ:(3:20) റോമ:(8:13)

'യഹോവയുടെ സന്നിധിയിൽ നിന്ന്, ആകാശത്ത് നിന്നു തന്നെ, ഗന്ധകവും തീയും വർഷിപ്പിച്ചു' ആ ദേശങ്ങൾ ഉന്മൂല നാശം ഏറ്റുവാങ്ങി. ശക്തിയുള്ള തീ ഭൂമിയിലെത്തുമ്പോൾ ഭൂമി കിളച്ചുമറിച്ചതുപോലെയാകും. ഇവിടെ ഭൂമിയുടെ പുറമേയുള്ള കട്ടിയായ ഭാഗത്തിനടിയിൽ ഓയിൽ നിക്ഷേപമുണ്ടായിരുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ തീ വൻസ്ഫോടനവും കുലുക്കവും ഭൂമിയിലുണ്ടാക്കി ആ ദേശം നശിച്ചു.

ലോകത്തെവിട്ട് നിത്യതയെ ഇഷ്ടപ്പെടാത്തവർ ഓർക്കുക, സഹായം തരുന്ന പർവ്വതത്തിലേക്ക് ഓടിപോകാൻ പറഞ്ഞാൽ അനുസരിക്കുക. ഈ കുടുംബത്തെപ്പോലെ നമ്മുടെ കുടുംബങ്ങൾ നശിക്കാതെ രക്ഷയിലാകുവാനും, രക്ഷയിൽ നിലനിർത്തുവാനും നമ്മുടെ ജീവിതത്തിലുണ്ടാകുന്ന പ്രതികൂലങ്ങളായ കുലുക്കങ്ങളെ ഒരു പാഠംമായി സ്വീകരിക്കുക. മ്ലേച്ഛതയുള്ളിടത്ത് യാതൊരുകാരണവശാലും സമയം ചെലവഴിക്കരുത്.

## 3. **The advent of God in Sinai**

**(ദൈവീകസാന്നിദ്ധ്യത്തിന്റെ കുലുക്കം (പുറ:19:18)**

മ്ലേച്ഛത വർദ്ധിച്ചപ്പോൾ തന്റെ സൃഷ്ടിയെ നോക്കി ദു:ഖിച്ച ദൈവം, നോഹയുടെ കാലത്ത് ഒരു ന്യായവിധിയുടെ കുലുക്കം ഉണ്ടാക്കിയിട്ടും പഠിക്കാത്ത ജനം വീണ്ടും മ്ലേച്ഛത പ്രവർത്തിച്ചപ്പോൾ സോദോം, ഗൊമോറയെ തീയിറക്കി നശിപ്പിച്ചു. തന്റെ മടങ്ങിവരവ് ഏതു കാലത്തും, ഏത് സമയത്തും സംഭവിക്കും എന്ന് പഠിപ്പിക്കുവാൻ കൂടിയാണ്. ഈ ന്യായവിധികൾ എന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. ഭൂമിയെ കുലുക്കാൻ ആകാശത്തുനിന്ന് തീ ഇറക്കുമ്പോഴും, പർവ്വതങ്ങൾ പൊട്ടിത്തകരുമ്പോഴും ജനം ദൈവീകമഹത്വം മനസ്സിലാക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എന്നാൽ വീണ്ടും വീണ്ടും തെറ്റു ചെയ്യുന്ന ജനത്തെ കൈപിടിച്ചുനടത്തുവാൻ പത്തുകല്പന നൽകുന്ന കാര്യം സംസാരിപ്പാൻ മോശയെ സീനായിലേക്ക് ദൈവം വിളിക്കുന്നു. ഈ വരവിന്റെ മുന്നറിയിപ്പുകളാണ് കാഹളധ്വനി, ഇടിമുഴക്കം, മിന്നൽ, തീ,തീച്ചൂളയിലെപ്പോലെ ഉയരുന്ന പുക , കുലുക്കം ഇവ .

സീനായ് പർവ്വതത്തിൽ നിന്നും യഹോവ പറയുന്നു 'ഭൂമിയൊക്കെയും എനിക്കുള്ളതല്ലോ' എന്നാണ് (പുറ:19:5) തന്റെ കല്പനകൾ അനുസരിക്കുന്ന ജനം തന്റെ പ്രത്യേകസമ്പത്തെന്ന് യഹോവ പ്രഖ്യാപിക്കുന്നു. (സഹോദര

ങ്ങളേ ! പർവ്വതത്തിലേക്ക് നോക്കി സഹായം ചോദിക്കുന്നവരോട് നിങ്ങൾ എന്റെ സമ്പത്തെന്ന് യഹോവ പറയും നാം എത്രഭാഗ്യവാന്മാർ).

പുറ(19:18) ൽ മൂന്നുദിവസം ശുദ്ധീകരണം പ്രാപിച്ച ജനത്തിന്റെ അടുക്കലേക്ക് യഹോവ പ്രത്യക്ഷമാകുന്ന നിമിഷം ശ്രദ്ധിക്കുക. ജനം പർവ്വതത്തിന്റെ അടിവാരത്ത് നിന്നു യഹോവയുടെ വരവും (പ്രവർത്തിയും) ശബ്ദവും സീനായിൽ ഒന്നിച്ചു. യഹോവ മോശയേയും അഹരോനെയും മാത്രമേ പർവ്വതത്തിലേക്ക് വിളിച്ചുള്ളു .അന്നും ഇന്നും ജനം താഴ്‌വരയിൽ തന്നെയോ ?

താഴ്‌വരയിലെ പ്രസംഗമായ രക്ഷ, മാനസാന്തരം, വിശുദ്ധീകരണം ഇവയിൽ ഒതുങ്ങി നിൽകാതെ പർവ്വതത്തിലേക്ക് കയറുന്നവരാകുവാൻ ശ്രദ്ധിക്കുക.

Read എബ്രാ: (12:18-21)

എബ്രാ:(12:26) ൽ യഹോവയുടെ ശബ്ദം ഭൂമിയെ ഇളക്കുമെന്ന് കാണാം. അവന്റെ ശബ്ദം അവന്റെ വാക്കുകളാണ്. ഏലോഹിം എന്ന വാക്കിന് പ്രകൃതിയുടെ ദൈവം എന്നർത്ഥമുണ്ട്. സങ്കീ:29 ൽ യഹോവയുടെ ശബ്ദമായി ഇടിനാദത്തെ ചിത്രീകരിക്കുന്നു. അത് വെള്ളത്തിന്മീതെ മുഴങ്ങുന്നു. സദൃ (20:5) ൽ “മനുഷ്യന്റെ ഹൃദയത്തിലെ ആലോചന ആഴമുള്ള വെള്ളം” എന്ന് കാണുന്നു. ആത്മീയമായി പറഞ്ഞാൽ നമ്മുടെ മാനസീകകുഴപ്പങ്ങളാകുന്ന വെള്ളങ്ങളുടെ മീതെ പരിശുദ്ധാത്മാവ് തന്റെ വാഗ്ദത്തങ്ങളാകുന്ന ശബ്ദം കേൾപ്പിക്കുന്നതും പ്രപഞ്ചത്തിലെന്ന പോലെ ആത്മീയമായും ദൈവം മഹത്വത്തിന്റെ ദൈവമെന്ന് ഇവിടെ വെളിപ്പെടുത്തുന്നു എന്നാണ് മഹാനായ സ്പർജന്റെ കാഴ്ചപ്പാട്. ഇന്ന് പലരും മാനസീക സംഘർഷം അനുഭവിക്കുന്നവരാണ്. ഇവിടെയാണ് ഒരു തകർപ്പൻ ഇടിമുഴക്കത്തിന്റെ ആവശ്യം പ്രകൃതിയിലെ കുലുക്കം നമ്മുടെ ജീവിതത്തിലുമുണ്ടാകും. സംഘർഷങ്ങളുടെ നടുവിൽ യഹോവയുടെ ശബ്ദമായ ഇടിമുഴക്കം കേൾക്കുവാൻ നാം തയ്യാറാക്കു

ന്നു. പ്രിയരേ ! വചനത്തിൽക്കൂടി അവൻ സംസാരിക്കുന്നത് ശ്രദ്ധിക്കുക സംഘർഷങ്ങളെ സധൈര്യം നേരിടുക.

യഹോവയുടെ ശബ്ദത്തിന്റെ പ്രത്യേകത മനസ്സിലാക്കുവാൻ സങ്കീ (29:3-9) വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക ശക്തിയോടും, മഹിമ യോടും മുഴങ്ങുന്ന യഹോവയുടെ ശബ്ദം ലെബാനോനിലെ ദേവദാരുക്കളെ തകർക്കുകയും, അഗ്നി ജ്വാലകളെ ചിന്നക്കുകയും, പ്രസവിക്കുവാൻ സമയ മായ മാൻപേടകളെ സുഖമായി പ്രസവിക്കുമാറാക്കുകയും വനങ്ങളെ വ്യക്ത മാക്കുകയും ചെയ്യുന്നു. മനുഷ്യഹൃദയങ്ങളിൽ ദൈവസ്നേഹവും, വിശു ദ്ധിയും കത്തിക്കുന്നു. ഇതാണ് പെന്തക്കോസ്തിന്റെ പൊരുൾ.

Read - അ:പ്ര: (2:2,3)

ദൈവമക്കളുടെ (ദൈവവചനം ശക്തമായി പ്രഘോഷിക്കുന്നവർ) ശബ്ദം യഹോവയുടെ ശബ്ദമാണ്. എല്ലായിടത്തും ഈ ശബ്ദം മുഴങ്ങികേൾക്കണം മാനസാന്തരത്തിന് വിളിക്കുന്ന മനുഷ്യപുത്രന്റെ ശബ്ദമായി ഇതിനെ ജനം കാണുകയും കേൾക്കുകയും ചെയ്യണം .

സഹോദരങ്ങളേ! എത്ര വർഷമായി ഒരുങ്ങുക എന്ന വചനം കേട്ട വരാണ് നാം എന്നിട്ടും താഴ്‌വരയിൽ തന്നെ നിൽപാനാണ് പലരും ആഗ്രഹി ക്കുന്നത്. പേടിച്ചും പകച്ചും നില്ക്കാതെ, പർവ്വതത്തിൽ അവനോടൊപ്പം കുടിൽ കെട്ടി പാർക്കുവാൻ ആഗ്രഹിച്ച പത്രോസ്, യാക്കോബ്, യോഹന്നാൻ ഇവരെപ്പോലെ നിത്യതയിൽ അവരോടൊപ്പം പാർക്കുവാനായി നമ്മെ ശുദ്ധീ കരിക്കാം. കാലം ഏറെയില്ല, കാന്തൻ വരാറായി, ഒരുക്കമുള്ളവരായി കാത്തി രിക്കുക. അവന്റെ ശബ്ദം ശ്രദ്ധിക്കുവാൻ ദൈവം കൃപചെയ്യട്ടെ.

തുടരും.................